812

# SAMAGRA SHIKSHA, KERALA

## പാദവാർഷിക മൂല്യനിർണയം 2018 – 19

### അടിസ്ഥാനപാഠാവലി

സ്റ്റാന്റേർഡ് VIII

സമയം : 1½ മണിക്കൂർ
ആകെ സ്കോർ : 40

- ആദ്യത്തെ 15 മിനിറ്റ് ആശ്വാസസമയമാണ്.ചോദ്യങ്ങൾ വായ മനസ്സിൽ ക്രമീകരിക്കുന്നതിന് ഈ സമയം പ്രയോജനപ്പെ
- നിർദ്ദേശങ്ങൾ ശ്രദ്ധയോടെ വായിച്ചു മനസ്സിലാക്കി ഉത്തരം
- ഉത്തരമെഴുതുമ്പോൾ സമയവും സ്കോറും പരിഗണിക്കണം.

1. പട്ടിക ക്രമപ്പെടുത്തി എഴുതുക. (1 x 4 = 4)

| കൃതി | പ്രമേയം | രചയിതാവ് |
|---|---|---|
| എണ്ണ നിറച്ച കരണ്ടി | കൃഷിയും മനുഷ്യനും തമ്മിലുള്ള ആത്മബന്ധം | വിജയലക്ഷ്മി |
| വേരും തളിരും | മനസ്സിൽ നിറഞ്ഞുനിൽക്കുന്ന മാതൃസ്മരണ | പൗലോ കൊയ്‌ലോ |
| ആ വാഴവെട്ട് | ഉയർച്ചതേടുമ്പോഴും പാരമ്പര്യം മറക്കാതിരിക്കുക | പി.കെ.പാറക്കടവ് |
| പുതുവർഷം | യഥാർഥ സന്തോഷത്തിന്റെ രഹസ്യം | പൊൻകുന്നം വർക്കി |

**2 മുതൽ 4 വരെയുള്ള ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഉത്തരമെഴുതുക.** (2 x 1 = 2)

2. മാതൃകപോലെ പിരിച്ചെഴുതുക
   പുരയിടം - പുര+ഇടം
   വാഴപ്പോള -

3. മാതൃകപോലെ എഴുതുക.
   ധൈര്യമുള്ളവൻ - ധീരൻ
   ജ്ഞാനമുള്ളവർ -

4. ' ആരോടുമില്ലാ വഴക്കെന്നു പുഞ്ചിരി -
ച്ചാരോടും കൂടി നടന്ന കാലം'- ഈ വരികൾ വ്യക്തമാക്കുന്നത്?

- പുഞ്ചിരിക്കുന്നവരോട് ആർക്കും വഴക്കില്ല
- എല്ലാവരോടും സന്തോഷത്തോടെയും സൗഹൃദത്തോടെയും ഇടപെടുന്നു.
- ആരോടും പുഞ്ചിരിക്കുന്നില്ല
- എല്ലാവരോടും വഴക്കാണ്

**5 മുതൽ 8 വരെയുള്ള ചോദ്യങ്ങളിൽ 3 എണ്ണത്തിന് ഉത്തരമെഴുതുക.**

(3 x 2 = 6)

5. ആ പാവപ്പെട്ട കർഷകന്റെ ഉള്ളിൽ തീ പിടിച്ചു.
അയൽപക്കത്തെ പുരയ്ക്ക് തീ പിടിച്ചു.
-തീപിടിച്ചു എന്ന പ്രയോഗം ഇരുസന്ദർഭങ്ങളിലും ഉണ്ടാക്കുന്ന അർഥ വ്യത്യാസം എഴുതുക?

6. അമ്മ പറഞ്ഞതിനപ്പുറം മറ്റൊന്നു-
മില്ലാതിരുന്നൊരാ പോയ കാലം

- സമാന താളമുള്ള വരികൾ കണ്ടെത്തുക.

- ജനിച്ച നാടുവിട്ടകലെ ആസാമിൽ
പണിയ്ക്കു പോയ്‌വരും പരിഷകൾ ഞങ്ങൾ

- രാഗങ്ങളോരോന്നേ ഗോകുല നായകൻ
മേളം കലർന്നങ്ങു പാടുന്നേരം

- പാതിരാക്കോഴി വിളിപ്പതും കേൾക്കാതെ
പാടത്തു പുഞ്ചയ്ക്കു തേവുന്നു രണ്ടു പേർ

7. രണ്ടു വാക്യങ്ങളാക്കുക.
വൃദ്ധൻ കഥ പറഞ്ഞു നിർത്തിയപ്പോൾ ഇടയൻ നിശ്ശബ്ദനായിരുന്നു.

8. 'മുറ്റത്തിനൈശ്വര്യം ചാർത്തുമപ്പൂക്കളോ
ടൊപ്പമെന്നമ്മയും തുമ്പപോലെ '-

അമ്മയെ തുമ്പയോട് സാദൃശ്യപ്പെടുത്തിയിരിക്കുന്നതിനുള്ള രണ്ട് കാരണങ്ങൾ കണ്ടെത്തുക.

**9 മുതൽ 13 വരെയുള്ള ചോദ്യങ്ങളിൽ 4 എണ്ണത്തിന് ഉത്തരമെഴുതുക.**

(4 x 4 = 16)

9. 'ഉഴുതുണ്ണുന്നവനെ തൊഴുതുണ്ണണം' -
ഈ പഴഞ്ചൊല്ലിന്റെ ആശയം ആ വാഴവെട്ട് എന്ന പാഠഭാഗവുമായി ബന്ധപ്പെടുത്തി വ്യക്തമാക്കുക.

10. 'ഓണപ്പുലർച്ചയിൽ കൂരിരുൾ നീക്കിയെൻ
വീടിന്നകത്തമ്മ വന്നുദിക്കും
മാലറ്റുപോകും വരുംവർഷമക്ഷയ
ശ്രീയാം വത്സത്തുകാൽ വച്ചുകേറും' -

കവയിത്രിയിൽ പ്രകടമാകുന്ന ആത്മവിശ്വാസത്തിന് അടിസ്ഥാനമെന്ത്? വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

11. " ആ കുടിലിലെ ജീവിതച്ചൂട് വീശിത്തണുപ്പിച്ചു-
കൊണ്ടിരുന്ന മരതകക്കാറ്റാടികളായിരുന്നു അവ "

വാഴയെ മരതകക്കാറ്റാടികളെന്ന് വിശേഷിപ്പിച്ചിരിക്കുന്നതിന്റെ ഔചിത്യം വിശദമാക്കുക.

12. വെറുതെ നടക്കണ്ട. ഇതുകൂടി കൈയിലിരിക്കട്ടെ. അദ്ദേഹം പറഞ്ഞു:- നടക്കുമ്പോൾ എണ്ണ തുളുമ്പിപ്പോകാതെ സൂക്ഷിക്കണം.

ജ്ഞാനിയുടെ ഈ വാക്കുകൾ നൽകുന്ന അർഥ സൂചനകൾ എന്തെല്ലാം? വിശദമാക്കുക.

13. • 'പുസ്തക സഞ്ചിയിൽക്കൊച്ചു നെല്ലിക്കയും
പച്ചപ്പുളിയുമൊളിച്ചകാലം
ആരോടുമില്ലാ വഴക്കെന്നു പുഞ്ചിരി-
ച്ചാരോടും കൂടി നടന്ന കാലം'

• 'തീരാപ്പകയും തിളയ്ക്കുമീ സ്നേഹവും
തീയിട്ടെരിച്ച മനസ്സുയർത്തി
ആരോടും ചേരുവാനാകതെ, വൈദ്യുത
വീചിപോലാപത്തായ് മാറും കാലം'

രണ്ടു കാലഘട്ടത്തിലുമുള്ള കവയിത്രിയുടെ മാനസികാവസ്ഥകൾ താരതമ്യം ചെയ്ത് കുറിപ്പ് തയാറാക്കുക.

**14 മുതൽ 16 വരെയുള്ള ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഉത്തരമെഴുതുക.**

(2 x 6 = 12)

14. •തിണ്ണയിൽ ചിതറിക്കിടക്കുന്ന ചപ്പും കുപ്പയും കൈചുറുക്കോടുകൂടി റാഹേൽ തുത്തുവാരി. അവൾ അതിഥികൾക്ക് ഇരിക്കുവാൻ ഒരു പായ് നിവർത്തു.

• "എന്റെ പിതാവിനും രോഗമുണ്ട്. അദ്ദേഹത്തെക്കൂടി നിങ്ങൾ വെട്ടിമൂടുക!" ഒരു സിംഹിയെപ്പോലെ തന്റേടത്തോടുകൂടി റാഹേൽ പറഞ്ഞു.

മേൽക്കൊടുത്ത കഥാഭാഗങ്ങളും കഥയിലെ ഇതരസന്ദർഭങ്ങളും പരിഗണിച്ച് റാഹേൽ എന്ന കഥാപാത്രത്തിന്റെ സ്വഭാവസവിശേഷതകൾ വ്യക്തമാക്കുന്ന കുറിപ്പ് തയാറാക്കുക.

15. • 'ഇടയന്റെ മോഹം നാടുചുറ്റി കാഴ്ചകൾ കാണുകയാവാം. ആയിക്കോട്ടെ. അപ്പോഴും അവന്റെ കണ്ണ് സ്വന്തം ആട്ടിൻകൂട്ടത്തിന്റെ മേൽത്തന്നെയുണ്ടാകണം.'

• 'ഒരാളെ വിശ്വസിക്കുന്നതിന് മുൻപ് അവന്റെ ചുറ്റുപാടുകൾ ശരിയായി മനസ്സിലാക്കിയിരിക്കണം.

ജ്ഞാനിയായ വൃദ്ധൻ സാന്റിയാഗോയ്ക്ക് നൽകുന്ന ഉപദേശം പുതുതലമുറയ്ക്കു കൂടിയുള്ളതാണോ? ഇതരസന്ദർഭങ്ങൾ കൂടി പരിഗണിച്ച് 'പുതുതലമുറ നേടേണ്ട തിരിച്ചറിവുകൾ' എന്ന വിഷയത്തിൽ ലഘു ഉപന്യാസം തയാറാക്കുക.

16. ആസ്വാദനം തയാറാക്കുക.

അമ്മ മരിച്ചപ്പോൾ ആശ്വാസമായി
ഇനിയെനിക്കത്താഴപ്പഴ്ണി കിടക്കാം
ആരും സൈ്വര്യം കെടുത്തില്ല
ഇനിയെനിക്ക് ഉണങ്ങിപ്പാറുന്നതുവരെ
തല തുവർത്തണ്ട; ആരും ഇഴ വിടർത്തി നോക്കില്ല
ഇനിയെനിക്ക് കിണറിന്റെ ആൾമറയിലിരുന്ന്
ഉറക്കം തൂങ്ങിക്കൊണ്ട് പുസ്തകം വായിക്കാം
പാഞ്ഞെത്തുന്ന ഒരു നിലവിളി എന്നെ ഞെട്ടിച്ചുണർത്തില്ല
ഇനിയെനിക്ക് സന്ധ്യാസമയത്ത് പുറത്തിറങ്ങാൻ
ടോർച്ചെടുക്കേണ്ട
വിഷം തീണ്ടി രോമത്തുളകളിലൂടെ
ചോര വാർന്നു ചത്ത അയൽക്കാരനെയോർത്ത്
ഉറക്കത്തിൽ എണീറ്റിരുന്ന മനസ്സ്
ഇന്നലെ ഇല്ലാതായി
ഇനി എനിക്ക് എത്തിയേടത്തുറങ്ങാം
ഞാനെത്തിയാൽ മാത്രം കെടുന്ന വിളക്കുള്ള
വീട് ഇന്നലെ കെട്ടു.

(ആശ്വാസം - കൽപ്പറ്റ നാരായണൻ)